ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു. 20 കോടി രൂപ വകയിരുത്തിയിരുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്ത് വ്യവസായ വികസനത്തിന് പശ്ചാത്തല സൗകര്യമൊരുക്കുന്നതിനുവേണ്ടി ഇൻഫ്രാസ്ട്രക്ചേർസ് കേരള ലിമിറ്റഡ് (ഇൻകെൽ) എന്ന പേരിൽ ഒരു പബ്ലിക് ലിമിറ്റഡ് കമ്പനി രൂപീകരിച്ചു.

(സി) ചോദ്യം ഉദിക്കുന്നില്ല.

**ലാഭം നേടിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ**

**145 (2175)** ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ലാഭം നേടിയ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഇവയിൽ ഏതിന്റെയെങ്കിലും വസ്തുവകകൾ വില്പന നടത്തിയോ, കൈമാറ്റം നടത്തിയോ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായം ലാഭത്തോടുചേർത്തോ, കണക്കുകളിൽ കാണിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2007-08, 2008-09, 2009-10 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിൽ ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. *(Annexure-1 (a), (b), (c)

(ബി) വ്യവസായവകുപ്പിന്റെ അധീനതയിൽ ലാഭത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ Statutory Audit position ന്റെ വിവരം അനുബന്ധം -2 ആയി ചേർക്കുന്നു.

(സി) ഈ വിവരം ക്രോഡീകരിച്ചുവരുന്നു.

**ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് നൽകുന്ന ഇളവുകൾ**

**146 (2176)** ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട -ഇടത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly